# *പോസ്റ്റ് മോഡേൺ റിവഞ്ച്*

തമ്പി ആന്റണി, തെക്കേക്കുറ്റ്

കാവ്യദുരന്തങ്ങളുടെ കാലം!
ഭുലിഖിതങ്ങൾ
തിരിച്ചറിയാത്ത നേതാക്കന്മാർ
മാറി നിൽക്കെടാ
വെട്ടിനിരത്തും ഞാൻ
എന്നലറിയാലത്
പ്രമാണങ്ങളുണർത്തുന്ന
ജനകീയകാവ്യം!

ആൽബർട്ട് കാമ്യൂവും സാത്ര്യും
ഉട്ടോപ്യയും മാറ്റിയെഴുതി
നമ്പരും ഫൂട്ട്നോട്ടും കുറിച്ചാലത്
ഈഗോയുള്ളവർ
ജാഡ കാണിക്കുമത്യാധുനികം!

പുന്നെല്ലിൻ പാടത്തിവെന്നുമെന്നും
പൊൻകതിർ വീശുന്നു പൊൻപുലരി
എന്നു പാടിയാലത്
പെണ്ണെഴുത്ത്, പൈങ്കിളി!
എന്നെ കൊന്നത്
റബ്ബർവെട്ടുകാരൻ അബൂബക്കറല്ല
എന്റെ കാമുകനും
സ്ഥലത്തെ പ്രധാനദിവ്യനുമായ
പ്രേമചന്ദ്രനാണ്
എന്നു മലയാള ഫോണ്ടിൽ
പരസ്യപ്പെടുത്തിയാൽ
അതു പോസ്റ്റ് മോഡേൺ
കവികൾ
കവിതയെ ഡിവോഴ്സ് ചെയ്യുന്നു.